LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തെരഞ്ഞെടുക്കപ്പെടുന്ന ഹയർസെക്കന്ററി സ്കൂളുകളിലെയും ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും വിദ്യാർത്ഥികൾക്കാണ് അസാപ് പദ്ധതിയിലൂടെ പ്രത്യേക തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നത്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഇൻഫർമേഷൻ ടെക്നോളജി, അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ നൈപുണ്യ മേഖല എന്നീ മേഖലകളിലാണ് കുട്ടികൾക്ക് പരിശീലനം നൽകിവരുന്നത്.

(ബി) 2012-13 വർഷത്തിലാണ് അസാപ് ആരംഭിച്ചത്. പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സ്വതന്ത്ര ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) അസാപ് പാഠ്യപദ്ധതിവഴി നിലവിലുള്ള തൊഴിലധിഷ്ഠിതമല്ലാത്ത കോഴ്സുകൾ പഠിക്കുന്നവർക്ക് കൂടി തൊഴിൽ മേഖലകളിൽ നൈപുണ്യം നേടാനുള്ള അവസരമൊരുക്കുന്നു. അസാപ്-ന്റെ ഫൗണ്ടേഷൻ മോഡ്യൂൾവഴി കുട്ടികളിൽ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്ന കഴിവ് വർദ്ധിക്കുന്നതായി കണ്ടുവരുന്നു. 2015-16 വർഷത്തിൽ വി.എച്ച്.എസ്.ഇ.-യിലേയ്ക്ക് കൂടി അസാപ് വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരികയാണ്.

(ഇ) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് എയ്ഡഡ് മേഖലയിലെ ഹയർസെക്കന്ററി സ്കൂളുകളിലും കോളേജുകളിലും വ്യാപിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം**

**61 (5132)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതിയുടെ പ്രയോജനം 2014-15 അദ്ധ്യയന വർഷം എല്ലാവർക്കും ലഭിച്ചിട്ടുണ്ടോ ; കണക്ക് അറിയിക്കുമോ ;

(ബി) 2015-16 അദ്ധ്യയന വർഷം യൂണിഫോം വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | അനുവദിച്ചത് | | ചെലവാക്കിയത് | |
|---|---|---|---|---|
| | കുട്ടികളുടെ എണ്ണം | തുക (ലക്ഷത്തിൽ) | കുട്ടികളുടെ എണ്ണം | തുക (ലക്ഷത്തിൽ) |
| 2014-15 | 780443 | 3121.77 | 715803 | 2863.21 |

(ബി) 2015-16 അദ്ധ്യയന വർഷം യൂണിഫോം വിതരണത്തിനായി എസ്.എസ്.എ.യുടെ വാർഷിക പദ്ധതിയിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിതരണം പൂർത്തിയായിട്ടുണ്ട്.

**സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ്**

**62 (5133)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 10-1-2013-ലെ സ.ഉ.(എം.എസ്.)നമ്പർ 08/2013/പൊ.വി.വ. ഉത്തരവ് പ്രകാരം സ്കൂൾ വിദ്യാർത്ഥികൾക്ക് അപകടമരണം സംഭവിക്കുകയാണെങ്കിൽ 50,000 രൂപയും ഗുരുതരമായി പരിക്ക് പറ്റുകയാണെങ്കിൽ 10,000 രൂപയും സഹായധനമായി ലഭിക്കുന്ന വിധത്തിലുള്ള ഇൻഷ്വറൻസ് പദ്ധതിയാണ് നടപ്പിലാക്കിയത്. പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly